# <u>ക്വട്ടേഷൻ</u>

RBDCK/ T 52/Vol III/342 തീയതി: 25.09.2024

എറണാകുളം ജില്ലയിലെ നിർദ്ദിഷ്ട വടുതല റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ സ്ഥലത്ത് അലൈൻമെന്റിനുള്ളിൽ വരുന്ന കെട്ടിടം, ചുറ്റുമതിൽ, മറ്റു ചമയങ്ങളും അടിത്തറയോടുകൂടി പൊളിച്ചു നീക്കികൊണ്ട് പോകുന്നതിനും, നീക്കം ചെയ്ത സ്ഥലം നിരപ്പാക്കി വൃത്തിയാക്കുന്നതിനും വേണ്ടി താഴെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി താത്പര്യമുള്ളവരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

| | | |
|---|---|---|
| 1. | കെട്ടിടങ്ങളുടെ ഉദ്ദേശവില | : **53,645/– രൂപ** |
| **2.** | നീക്കം ചെയ്യുന്നതിനുള്ള സമയപരിധി | : **10 ദിവസം** |
| 3. | ക്വട്ടേഷൻ ഫോറത്തിൻെറ വിൽപ്പന | : **25.09.2024 , 2:00 PM to 03.10.2024 3:00 PM** |
| 4. | ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും | : **03.10.2024 (സമയം 4 PM മണി വരെ)** |
| **5.** | ക്വട്ടേഷൻ സമർപ്പിക്കേണ്ട സ്ഥലം | : **ആർ.ബി.ഡി.സി.കെ. ഓഫീസ്** |
| 6. | ക്വട്ടേഷൻ തുറക്കൽ | : **04.10.2024 (സമയം 11.00 AM മണി)** |

താത്പര്യമുള്ള കരാറുകാർ **30.09.2024 രാവിലെ 11:00 മണിക്ക്** വടുതല ലെവൽ ക്രോസ്സിന് സമീപം എത്തി പൊളിച്ചുമാറ്റേണ്ട വസ്തുക്കളും ആർ.ബി.ഡി.സി.കെ യുടെ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ കണ്ട് ബോധ്യപ്പെടേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്കും നിബന്ധനകൾക്കും ആർ.ബി.ഡി.സി.കെ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ : **9061168186**, 0484 – 2338205, 2338206

Sd/-
**ജനറൽ മാനേജർ**
**ആർ.ബി.ഡി.സി.കെ**

റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി - 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

## നിബന്ധനകൾ

1. ആർ.ബി.ഡി.സി.കെ ലിമിറ്റഡിൻെറ കൊച്ചി പാലാരിവട്ടത്തുള്ള ഓഫീസിൽ നിന്നും ആർ.ബി.ഡി.സി.കെ ലിമിറ്റഡിൻെറ വെബ്സൈറ്റിൽ (www.rbdck.com) നിന്നും ക്വട്ടേഷൻ ഫോം ലഭിക്കുന്നതാണ്.

2. കൂടുതൽ വിവരങ്ങൾ അറിയുന്നതിന് പ്രവൃത്തി ദിവസങ്ങളിൽ 10.00 മണി മുതൽ 4.00 മണി വരെ ആർ.ബി.ഡി.സി.കെ ഓഫീസിൽ (484)2338205, 2338206 ബന്ധപ്പെടാവുന്നതാണ്.

3. ക്വട്ടേഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പ്രൈസ് ബിഡ് പൂരിപ്പിച്ച് ഒപ്പിട്ട് ഫോട്ടോ തിരിച്ചറിയൽ കാർഡിൻെറ കോപ്പിയും ചേർത്ത് മുദ്രവെച്ച കവറിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന സമയത്തിന് മുമ്പായി ആർ.ബി.ഡി.സി.കെ. ഓഫീസിൽ സമർപ്പിക്കേ താണ്. കവറിന് പുറത്ത് "Quotation for Demolition of structure at Vaduthala ROB in Ernakulam district" and do not open before 04.10.2024 at 11:00 AM" എന്നെഴുതേണ്ടതാണ്.

4. മുദ്രവച്ച ക്വട്ടേഷനുകൾ 03.10.2024 ന് 4 PM വരെ ആർ.ബി.ഡി.സി.കെ.-യുടെ ഓഫീസിൽ സ്വീകരി ക്കുന്നതാണ്.

5. നിബന്ധനകൾ പാലിക്കാത്തതും നിർദ്ദിഷ്ട ദിവസത്തിനും സമയത്തിനും ശേഷം ലഭിക്കുന്നതും ബിഡ്ഡേർസ് ഒപ്പിടാത്തതും ഏതെങ്കിലും രീതിയിൽ പൂർണ്ണമല്ലാത്തതുമായ ക്വട്ടേഷനുകൾ യാതൊരു കാരണവും പറയാതെ തള്ളിക്കളയുന്നതാണ്.

6. Quote ചെയ്യുന്ന തുക GST യും, മറ്റെല്ലാ നികുതികളും ഉൾപ്പടെ ആയിരിക്കണം.

7. <u>നടപടി ക്രമം</u>

a. ആർ.ബി.ഡി.സി.കെ. ഓഫീസിൽ വച്ച് നിർദ്ദിഷ്ട ദിവസത്തിലും സമയത്തും മുദ്ര വച്ച കവറിലുള്ള പൂരിപ്പിച്ച ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. മേൽ തീയതി എന്തെങ്കിലും വിധത്തിൽ അവധി യായാൽ തൊട്ടെട്ടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷനുകൾ കുറക്കുന്നതായിരിക്കും. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന ആളെയായിരിക്കും വിജയി ആയി കണക്കാക്കുക.

b. വിജയിക്കുന്നയാൾ ടെണ്ടർ തുകയും മേൽത്തുകയുടെ 10% അധിക തുകയും മേൽ നടപടികൾ പൂർത്തീകരിച്ച് നിർദ്ദേശിക്കുന്നതനുസരിച്ച് അടക്കേണ്ടതാണ്. സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിലെങ്കിൽ അതിനുശേഷമുള്ള ഓരോ ദിവസത്തിനും മേൽത്തുകയുടെ 10% വച്ച് കുറവ് ചെയ്യുന്നതും അത് പരമാവധി 5 ദിവസം മാത്രമായിരിക്കുകയും ചെയ്യും. മേൽ പറഞ്ഞ പര മാവധി ദിവസം ആകുമ്പോൾ ബാക്കി തുക കണ്ടുകെട്ടുന്നതും മേൽ പ്രവൃത്തി വേറൊരു ഏജൻസിയെക്കൊണ്ട് നടപ്പാക്കുന്നതും അതിനാൽ പ്രവൃത്തി എടുത്ത ആളിന് ഉണ്ടായേക്കാവുന്ന യാതൊരു നഷ്ടങ്ങളും പരിഗണിക്കുന്നതുമല്ല. ഈ തുക തികയാതെ വരികയാണെങ്കിൽ റവന്യൂ റിക്കവറി നടപടികളിലൂടെ പ്രസ്തുത തുക വസൂലാക്കുന്നതുമാണ്.

c. 10% അധികത്തുക പദ്ധതി സ്ഥലത്തുനിന്നും സമയപരിധിക്കുള്ളിൽ കെട്ടിടം പൊളിച്ചു നീക്കിയതിനു ശേഷം തിരികെ നൽകുന്നതാണ്.

8. പൂർണ്ണമായ അടങ്കൽത്തുകയും 10% അധികത്തുകയും അടക്കുന്നതതോടെ മേൽ കെട്ടിടത്തിന്റെ സംരക്ഷണ ചുമതലയും കരാറുകാരനിൽ നിക്ഷിപ്തമാകുന്നതാണ്. അഗ്നിബാധ, കാറ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും അപ്രതീക്ഷിത ദുരന്തങ്ങൾ ഉണ്ടായാലും അതിൻമേൽ യാതൊരുവിധ ഉത്തരവാദി ത്ത്വങ്ങളും ആർ.ബി.ഡി.സി.കെ. ഏറ്റെടുക്കുന്നതല്ല. കരാറുകാരൻ മേൽത്തുകയിൽ യാതൊരുവിധ അവകാശങ്ങളും ഉന്നയിക്കാൻ പാടില്ലാത്തതുമാകുന്നു.

9. കരാർ ഉറപ്പിച്ച് 10 ദിവസത്തിനകം പൊളിച്ചു മാറ്റുന്നതിനായി രേഖപ്പെടുത്തിയ കെട്ടിടം, അടയാളപ്പെടുത്തിയ അളവിൽ ആർ.ബി.ഡി.സി.കെ. ലിമിറ്റഡിനോ പരിസരവാസികളുടെ വസ്തുവകകകൾക്കോ യാതൊരുവിധ നാശനഷ്ടങ്ങളും ഉണ്ടാക്കാത നീക്കം ചെയ്യേണ്ടതാണ്. കെട്ടിടങ്ങളുടെ പൂർണ്ണ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

10. ഭാഗീകമായി പൊളിക്കുന്ന കെട്ടിടങ്ങൾ ഇലക്ട്രിക് കട്ടറുകൾ ഉപയോഗിച്ച്, ബാക്കിയാകുന്ന ഭാഗത്തിന് യാതൊരുവിധ കേടുപാടുകളും ഇല്ലാത്ത രീതിയിൽ പൊളിക്കേണ്ടതാണ്. നാശനഷ്ടങ്ങൾ ഉണ്ടായാൽ കരാറുകാരൻ സ്വന്തം ചെലവിൽ അതു പരിഹരിക്കേണ്ടതാണ്.

11. മേൽ പ്രവർത്തിക്കുവേണ്ടി കരാറുകാരൻ നിയമിക്കുന്ന തൊഴിലാളികളുടെയും, ഇതുമായി ബനധപ്പെട്ട് പ്രവർത്തിക്കുന്ന കരാറുകാരൻ ഉൾപ്പെടെയുള്ളവരുടെയും സുരക്ഷയും വേതനവും, ഇഎസ്ഐ, പിഎഫ് തുടങ്ങിയ നിയമാനുസൃത അടവുകളും പൂർണമായും കരാറുകാരന്റെ ചുമതലയാണ്. അപകട നഷ്ട പരിഹാരം വ്യവഹാര ചിലവുകൾ തുടങ്ങി ആർ.ബി.ഡി.സി.കെ.യ്ക്ക് എന്തെങ്കിലും ചിലവുകൾ ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട് ഉണ്ടായാൽ അവ കരാറുകാരൻ മടക്കി നൽക്കേണ്ടതാണ്.

12. കെട്ടിടം പൊളിച്ചു നീക്കം ചെയ്യുന്നതിനായി വൈദ്യുതി ലൈൻ അല്ലെങ്കിൽ മറ്റെതെങ്കിലും സർവീസ് ലൈനുകൾ സ്വിച്ച് ഓഫ് ചെയ്യുകയോ നീക്കം ചെയ്യുകയോ വേണ്ടിവന്നാൽ അത് കരാറുകാരന്റെ ചെലവിലും ഉത്തരവാദിത്ത്വത്തിലും ചെയ്യേണ്ടതാണ്. ഏതെങ്കിലും നാശനഷ്ടങ്ങളോ കേടുപാട് തീർക്കലോ മേൽപ്രവൃത്തിമൂലം ആവശ്യമായി വന്നാൽ അതിനുള്ള ചെലവ് കരാറുകാരൻ വഹിക്കേണ്ടതായിരിക്കും.

13. കാരണമൊന്നും കാണിയ്ക്കാതെ ക്വട്ടേഷനുകൾ ഏതെങ്കിലുമോ എല്ലാം തന്നെയോ തള്ളിക്കളയുന്നതിന് ആർ.ബി.ഡി.സി.കെ. മാനേജിംഗ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്

14. പ്രൈസ് ബിഡിൽ ഓരോ വസ്തുവിനും വാഗ്ദാനം ചെയ്യുന്ന തുക രേഖപ്പെടുത്തേണ്ടതാണ്.

15. എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ ടെൻഡർ കമ്മിറ്റിയുടെ (ആർ.ബി.ഡി.സി.കെ. യിലെ ഉദ്യോഗസ്ഥർ) തീരുമാനം അന്തിമമായിരിക്കുന്നതും അത് അനുസരിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

മേൽപ്പറഞ്ഞ നിബന്ധനകൾ അനുസരിക്കുന്നതിന് കരാറുകാരന് ബാധ്യത ഉണ്ടായിരിക്കുന്നതും അതിനുള്ള സമ്മതം എന്ന നിലയിൽ കരാറുകാരൻ ഈ ക്വട്ടേഷൻ ഫോമിന്റെ എല്ലാ പേജുകളിലും ഒപ്പിടേണ്ടതുമായിരിക്കും.

കരാറുകാരന്റെ ഒപ്പ്
(പേര്, മേൽ വിലാസം, ഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം:

തീയതി:

**റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

## പ്രൈസ് ബിഡ്

| ക്രമ നം. | വിവരണം | തുക (in Rs) (എല്ലാ നികുതി ഉൾപ്പെടെ) |
|---|---|---|
| I | **കെട്ടിടങ്ങളുടെ ലിസ്റ്റ്** | |
| 1 | Mrinalini Sudarshan, Vaduthala (LA Sl. no. 30), (Door Nos. 32/1413, 32/1414, 32/1415) - House & Shop, Compound wall, septic tank, external staircase, gate, work area sheeted portion. | |
| | **ആകെ തുക (നികുതി അടക്കം)** | |

തുക അക്ഷരത്തിൽ ................................................................................................................................ രൂപ

കരാറുകാരന്റെ ഒപ്പ്
(പേര്, മേൽ വിലാസം, ഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം:
തീയതി: